ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]

നമ്പർ. എച്ച് 4/എ.ഐ.ടി.ടി/ടിസി/2017

തിയ്യതി 18-03-2017

പ്രേഷിതൻ

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

സർ,

വിഷയം:- **മോട്ടോർ വാഹന വകുപ്പ്** — എ.ഐ.ടി.ടി അപേക്ഷകൾ ഓൺലൈൻ ആയി അയയ്ക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ - സംബന്ധിച്ച്.

സൂചന :- ഓൺലൈൻ ആയി ലഭിക്കുന്ന എ.ഐ.ടി.ടി അപേക്ഷകൾ

സൂചനയിലേക്ക് എല്ലാ ആർ.ടി.ഒ. മാരുടേയും ശ്രദ്ധ ക്ഷണിക്കുന്നു. ഓൾ ഇന്ത്യ ടൂറിസ്റ്റ് ടാക്സി യുമായി ബന്ധപ്പെട്ട അപേക്ഷകൾ യാതൊരു സൂക്ഷ്മപരിശോധനയും കൂടാതെ ഈ ഓഫീസിലേക്ക് അയയ്ക്കുന്നത് ശ്രദ്ധയിൽ പെട്ടിരിക്കുന്നു. ഇത് അപേക്ഷയിൽ തീർപ്പ് കൽപ്പിക്കുന്നതിന് കാലതാമസം സൃഷ്ടിക്കുകയും പൊതുജനങ്ങളിൽ നിന്ന് പരാതികൾ ഉണ്ടാവാൻ ഇടയാവുകയും ചെയ്യുന്നു. ഈ സാഹചര്യങ്ങളിൽ എല്ലാ ആർ.ടി.ഒ. മാരും അപേക്ഷകൾ ഓൺലൈനായി അയയ്ക്കുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

1. അപേക്ഷയിൽ ഉൾപ്പെടുന്ന വാഹനത്തിന് ചെക്ക് റിപ്പോർട്ട്, സ്പീഡ് വയലേഷൻ(PSM) തുടങ്ങിയ ഒബ്ജക്ഷനുകൾ ഉണ്ടെങ്കിൽ ആയതിന് തീർപ്പ് കൽപ്പിച്ച ശേഷമോ, അല്ലെങ്കിൽ അതിനെതിരെ എന്ത് നടപടി എടുത്തു എന്ന് റിമാർക്ക്സ് കോളത്തിൽ രേഖപ്പെടുത്തിയോ മാത്രമേ അപേക്ഷകൾ ഓൺലൈനായി അയയ്ക്കുവാൻ പാടുള്ളൂ.
2. പെർമിറ്റ് കാൻസലേഷൻ അപേക്ഷകളിൽ ഫൈനാൻസിന്റെ എൻ.ഒ.സി. ലഭിച്ച വിവരം റിമാർക്സിൽ രേഖപ്പെടുത്തേണ്ടതാണ്.
3. ട്രാൻസ്ഫർ ഓഫ് പെർമിറ്റ് അപേക്ഷകളും, ഒബ്ജക്ഷൻ ഉള്ള അപേക്ഷകളും ആർ.ടി.ഒ അപേക്ഷകരുമായി കൂടിക്കാഴ്ച നടത്തിയ ശേഷം പ്രസ്തുത വിവരം aittkmvd@gmail.com എന്ന mail ID യിലേക്ക് അയയ്ക്കേണ്ടതാണ്.
4. ഓൺലൈനായി മാത്രം അപേക്ഷകൾ അയയ്ക്കുക. ഓൺലൈനായി അയയ്ക്കുവാൻ സാധിക്കാത്തവയുടെ സ്ക്രീൻ ഷോട്ട് എസ്.എസ്.ജി. സെല്ലിലേക്ക് അയച്ച് കൃത്യത വരുത്തിയ ശേഷം ഓൺലൈനായിത്തന്നെ വീണ്ടും അയയ്ക്കുക.

വിശ്വസ്തതയോടെ,

ഒപ്പ്
സെക്രട്ടറി. എസ്.ടി.എ.
ട്രാൻസ്പോർട്ട് കമ്മീഷണർക്കു വേണ്ടി

അംഗീകാരത്തോടെ
20/3/17
ജൂനിയർ സൂപ്രണ്ട്